# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിറക്കടവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ എസ് എ/കെറ്റി എം പി5/1286

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 05/11/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറക്കടവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ/കെറ്റി എം പി5/1286 തീയ്യതി: 05/11/2021

## കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-09-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എം എൻ രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 16-09-2021 | 30-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-09-2021 | 30-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പ്രസാദ് പി ജി, ഓഡിറ്റ് ഓഫീസർ
അമ്പിളി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
രാജേഷ് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കൃഷ്ണപ്രിയ എസ്, ഓഡിറ്റർ
ജാസ്മിൻ എസ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ. ജയ ശ്രീധർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. എ ഒ അജു | സെക്രട്ടറി | 01-04-2019 | 10-07-2019 |
| ശ്രീമതി. സുജ മാത്യു | സെക്രട്ടറി | 24-07-2019 | 31-03-2020 |
| ശ്രീ. പി.എച്ച്. ഷാജിഹാൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-07-2019 | 23-07-2019 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അന്നമ്മ ജോൺ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ. പി എച്ച് ഷാജിഹാൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 23-07-2019 |
| ശ്രീമതി. ചിത്ര എസ് | അസിസ്റ്റന്റ് സെക്രട്ടറി | 24-07-2019 | 31-03-2020 |
| ഡോ. അനീഷ് സി വർക്കി | മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | 01-04-2019 | 31-03-2020 |
| ഡോ. സാജൻ ചെറിയാൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ. ധന്യ റ്റി ഗോപാലൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീ. ജെഫിൻ ജെ എസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. രാഹുൽ എസ് | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. പി ഡി ഉഷ | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീ. ലിബീഷ് കെ മാത്യു | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ. രാജേഷ് കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 18-10-2019 |
| ശ്രീ. രഘു എം ഡി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 19-10-2019 | 31-03-2020 |
| ശ്രീ. സജി കെ മോഹൻദാസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 30-09-2021 |
| ശ്രീ. സനൽ എസ് | വില്ലേജ് | 30-09-2019 | 06-12-2019 |

| | | | |
|---|---|---|---|
| | എക്സ്റ്റൻഷൻ ഓഫീസർ | | |
| ശ്രീ. മഹേഷ് കെ ബാലചന്ദ്രൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 06-12-2019 | 31-03-2020 |
| ശ്രീമതി. വസന്തകുമാരി | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2019 | 28-06-2019 |
| ശ്രീമതി. ചിന്തു ടി കുട്ടപ്പൻ | ഐസിഡിഎസ് സൂപ്പർവൈസർ | 29-06-2019 | 29-01-2020 |
| ശ്രീമതി. സിന്ധു പി ജി | ഐസിഡിഎസ് സൂപ്പർവൈസർ | 29-01-2020 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Krishnapriya.S (Auditor, On 17-09-2021)<br>Last Updated By: Krishnapriya.S (Auditor, On 17-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Krishnapriya.S (Auditor, On 29-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Krishnapriya.S (Auditor, On 17-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-10-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Ambily M (Asst. Audit Officer, On 29-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 01-11-2021) | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം.<br>Written By: Prasad P G (Audit Officer, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-10-2021) | 1-5 |
| 6 | ദേശീയതൊഴിലുറപ്പു പദ്ധതി<br>Written By: Rajesh M (Asst. Audit Officer, On 29-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-10-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Ambily M (Asst. Audit Officer, On 29-09-2021)<br>Last Updated By: Prasad P G (Audit Officer, On 01-10-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Krishnapriya.S (Auditor, On 17-09-2021)<br>Last Updated By: Krishnapriya.S (Auditor, On 17-09-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Prasad P G (Audit Officer, On 01-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 01-11-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Krishnapriya.S (Auditor, On 27-09-2021)<br>Last Updated By: Krishnapriya.S (Auditor, On 27-09-2021) | 1-10 |
| 11 | വാടക കുടിശ്ശിക നിലനിൽക്കുന്നു<br>Written By: Krishnapriya.S (Auditor, On 29-09-2021)<br>Last Updated By: Prasad P G (Audit Officer, On 01-10-2021) | 1-11 |
| 12 | വാടക നൽകാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്<br>Written By: Krishnapriya.S (Auditor, On 29-09-2021)<br>Last Updated By: Prasad P G (Audit Officer, On 01-10-2021) | 1-12 |
| 13 | ആഞ്ഞിലി മരം ലേലം - ക്വട്ടേഷൻ നടപടികൾ പൂർത്തിയായിട്ടില്ല<br>Written By: Ambily M (Asst. Audit Officer, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-10-2021) | 1-13 |
| 14 | ദിവസവേതനം അധികം അനുവദിച്ചു.<br>Written By: Ambily M (Asst. Audit Officer, On 29-09-2021)<br>Last Updated By: Prasad P G (Audit Officer, On 01-10-2021) | 1-14 |
| 15 | തെരുവ് വിളക്കുകളുടെ പരിപാലനം -പ്രോജക്ടുനടത്തിപ്പിലെ അപാകതകൾ.<br>Written By: Prasad P G (Audit Officer, On 01-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 01-11-2021) | 1-15 |
| 16 | സായാഹ്നപാർക്ക്-ടെണ്ടർ/ക്വട്ടേഷൻ നടപടികളില്ലാതെ വാങ്ങൽ നടത്തി<br>Written By: Rajesh M (Asst. Audit Officer, On 27-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-10-2021) | 1-16 |
| 17 | ജി എസ് റ്റി അധികതുക വകയിരുത്തിയത് - പഞ്ചായത്തിന് അധികച്ചെലവ് | 1-17 |

| | | |
|---|---|---|
| | Written By: Rajesh M (Asst. Audit Officer, On 27-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-10-2021) | |
| 18 | പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള ഫൈൻ ഈടാക്കുന്നില്ല<br>Written By: Rajesh M (Asst. Audit Officer, On 27-09-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 01-10-2021) | 1-18 |
| 19 | ധനകാര്യകമ്മീഷൻ തുക പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു<br>Written By: Rajesh M (Asst. Audit Officer, On 27-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-10-2021) | 1-19 |
| 20 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - പ്രോജക്ട് നിർവഹണത്തിൽ അപാകതകൾ<br>Written By: Krishnapriya.S (Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 01-11-2021) | 1-20 |
| 21 | ലൈഫ് -ഭവനം പൂർത്തീകരിച്ചില്ല.<br>Written By: Prasad P G (Audit Officer, On 01-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-10-2021) | 1-21 |
| 22 | റിടെൻഷൻ കണക്ക് സൂക്ഷിപ്പിൽ അപാകതകൾ<br>Written By: Rajesh M (Asst. Audit Officer, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-10-2021) | 1-22 |
| 23 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല-ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Prasad P G (Audit Officer, On 01-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-10-2021) | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Krishnapriya.S (Auditor, On 24-09-2021)<br>Last Updated By: Krishnapriya.S (Auditor, On 24-09-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Krishnapriya.S (Auditor, On 27-09-2021)<br>Last Updated By: M.N.Radhakrishnan (Deputy Director, On 05-11-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Krishnapriya.S (Auditor, On 28-09-2021)<br>Last Updated By: Krishnapriya.S (Auditor, On 29-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Krishnapriya.S (Auditor, On 17-09-2021)<br>Last Updated By: Krishnapriya.S (Auditor, On 17-09-2021) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Krishnapriya.S (Auditor, On 28-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-10-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Krishnapriya.S (Auditor, On 24-09-2021)<br>Last Updated By: Krishnapriya.S (Auditor, On 24-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Krishnapriya.S (Auditor, On 28-09-2021)<br>Last Updated By: Krishnapriya.S (Auditor, On 28-09-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Krishnapriya.S (Auditor, On 17-09-2021)<br>Last Updated By: Krishnapriya.S (Auditor, On 17-09-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |

| | | |
|---|---|---|
| | Written By: Krishnapriya.S (Auditor, On 17-09-2021)<br>Last Updated By: Krishnapriya.S (Auditor, On 17-09-2021) | |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Krishnapriya.S (Auditor, On 17-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 01-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Krishnapriya.S (Auditor, On 17-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 01-11-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 17.03.2019 തീയതിയിലെ I/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 42233235.00 | 58476689.06 |
| വരവ് | 316675600.00 | 87190652.00 |
| ആകെ | 358908835.00 | 145667341.06 |
| ചെലവ് | 351265848.00 | 91457841.00 |
| നീക്കിയിരിപ്പ് | 7642987.00 | 54209500.06 |

## 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 20.06.2020-ലെ VII(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2019-20 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 58476689.06 രൂപയും തൻവർഷ വരവ് 87190652 രൂപയും തൻവർഷചെലവ് 91457841 രൂപയും വർഷാവസാന നീക്കിയിരിപ്പ് 54209500.06 രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 103723782.00 രൂപയും ആകെ ചെലവ് 104888012.00 രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രിക പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാർഷിക കണക്കിനൊപ്പം അനുപാതങ്ങൾ തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല.

2) ഗ്രാമപഞ്ചായത്ത് നാളിതുവരെ ആർജ്ജിച്ച ആസ്തികൾ കൃത്യമായി മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

3) B7 ഷെഡ്യൂളിൽ 340100301- Contractor’s Retension, 340200106-Deposit From Halls And Auditoriums, 340200108-Road Cutting Deposit എന്നിവയുടെ നീക്കിയിരിപ്പ്, രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

4) B18 ഷെഡ്യൂളിൽ 4601001031-Temperory Advance For Official Purpose-ൻെറ നീക്കിയിരിപ്പ്, രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

5) ഡി & ഒ ലൈസൻസ്, വാടക എന്നിവയുടെ കുടിശിക/തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

5) റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ വസ്തു നികുതി കുടിശ്ശിക/തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

7) B 11 ഷെഡ്യൂളിൽ പഞ്ചായത്ത് വാഹനം ആസ്തിയായി അക്കൗണ്ട് ചെയ്തിട്ടില്ല.

8) RP 40(A), RP 40 (B)എന്നിവയിൽ ട്രഷറി ഓൺ ഫണ്ട് വി പി എഫ് എ 1-2 , വി പി എഫ് എ 1-3, എന്നിവയിൽ യഥാക്രമം 1691572/- രൂപ, 1702/- രൂപ നീക്കിയിരിപ്പ് ഉണ്ടെങ്കിലും ആയതിന്റെ പാസ്സ്ബുക്ക്, പൊരുത്തപ്പെടുത്തൽ പത്രിക എന്നിവ ലഭ്യമായിട്ടില്ല.

9) ലേലം തൻവർഷവരവുകളുടെ വിശദാംശങ്ങൾ പൂർണ്ണമായും റസീപ്റ്റ് & പേയ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

10) എംജിഎൻആർഇജിഎസ് വരവ് I6, I 14(A) എന്നിവ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

11)ബാലൻസ് ഷീറ്റ് B12 ഷെഡ്യൂളിലെ സ്ഥിരനിക്ഷേപതുക യഥാർത്ഥ സ്ഥിരനിക്ഷേപവുമായി പൊരുത്തപ്പെടുന്നില്ല.
12)ബാലൻസ് ഷീറ്റിലെ B5, B16 പത്രികകൾ പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 58476689.06 |
| ഓഡിറ്റ് വർഷത്തെ വരവ് | 87190652.00 |
| ആകെ | 145667341.06 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 91457841.00 |
| നീക്കിയിരിപ്പ് | 54209500.06 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3150000 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 17973000 | 17973000 | 16671858 | 1301142 | 92.76 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 5372000 | 5372000 | 2476529 | 2895471 | 46.10 |
| വികസന ഫണ്ട്- ടി.എസ്.പി. | 0 | 481000 | 481000 | 210560 | 270440 | 43.77 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 13739387 | 13739387 | 7183121 | 6556266 | 52.28 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 0 | 5308000 | 5308000 | 1631929 | 3676071 | 30.74 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 19933000 | 19933000 | 10782432 | 9150568 | 54.09 |
| ഐസിഡിഎസ് ഫണ്ട് | 1327772 | 879778 | 2207550 | 919396 | 1288154 | - |
| സമ്പൂർണ്ണ ശുചിത്വ ഗ്രാന്റ്(TSC) | 417000 | 0 | 417000 | 24000 | 393000 | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 207382 | 0 | 207382 | 0 | 207382 | - |

ഗ്രാന്റിന്റെ വിനിമയം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. വികസന ഫണ്ട് പൊതുവിഭാഗം 7,79,412 രൂപ ലൈഫ് ഭവന പദ്ധതി തിരിച്ചടവിനായി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിരുന്നു. എന്നാൽ പഞ്ചായത്ത് ഇതിനായി പ്രോജക്ട് തയ്യാറാക്കാത്തതിനാൽ പ്രസ്തുത ചെലവ് ചെലവ് പത്രികയിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും പ്രതിഫലിച്ചിട്ടില്ല.

2. വികസന ഫണ്ട് എസ്.സി.പി 73529 രൂപ ലൈഫ് ഭവന പദ്ധതി തിരിച്ചടവിനായി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിരുന്നു. എന്നാൽ പഞ്ചായത്ത് ഇതിനായി പ്രോജക്ട് തയ്യാറാക്കാത്തതിനാൽ പ്രസ്തുത ചെലവ്, ചെലവ് പത്രികയിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും പ്രതിഫലിച്ചിട്ടില്ല.

3. ഗ്രാന്റ് പത്രികയിലെ മേഖല തിരിച്ചുള്ള അലോട്ട്മെന്റ് തുകകളുടെ കണക്ക് യഥാർത്ഥ അലോട്ട്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യകമ്മീഷൻ അവാർഡ് എന്നിവയുടെ അക്കൗണ്ടിങ്ങിലെ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന്(ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ , വാർഷിക കണക്ക് എന്നിവ പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി അവലോകനം.

ഗ്രാമപഞ്ചായത്തിന്റെ 2019-20 ലെ വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ മീറ്റിംഗ് 10-12-2018 ലും പദ്ധതിരൂപീകരണ ഗ്രാമ സഭകൾ 23-10-2018 മുതൽ 02-11-2018 വരെയും നടക്കുകയുണ്ടായി.വർക്കിംഗ് ഗ്രൂപ്പിലും , ഗ്രാമ സഭയിലുമായി ഉരുത്തിരിഞ്ഞ പദ്ധതി നിർദേശങ്ങൾ 10-12-2018 ൽ നടന്ന വികസനസെമിനാറിൽ ചർച്ചചെയ്ത് വാർഷിക പദ്ധതി പ്രോജക്ടുകൾ അന്തിമമാക്കുകയും ഭരണസമിതി അംഗീകരിച്ച പ്രസ്തുത പ്രോജക്ടുകൾ 09-03-2020 ലെ 2707/18/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിക്കുകയും ചെയ്തു. അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകൾ | ആകെ അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 411 | 239 | 212281990 | 68905435 | 32.4 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ വാർഷികപദ്ധതി പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത് | വകയിരുത്തിയ തുക | ചെലവ് |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 8 | 7 | 485731 | 277768 |
| 2 | വെറ്ററിനറി സർജൻ | 8 | 8 | 6665400 | 3504329 |
| 3 | മെഡി.ഓഫീസർ, പി.എച്ച്.സി | 2 | 2 | 611220 | 526458 |
| 4 | മെഡി.ഓഫീസർ, (ആയുർവേദം) | 7 | 6 | 1075000 | 1004605 |
| 5 | മെഡി.ഓഫീസർ, ഹോമിയോ | 1 | 1 | 200000 | 200000 |
| 6 | വി.ഇ.ഒ-1 | 7 | 7 | 31129775 | 13836224 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ. | 6 | 4 | 6171402 | 3598619 |
| 8 | സെക്രട്ടറി | 47 | 26 | 17762405 | 8899029 |
| 9 | ഹെഡ് മാസ്റ്റർ | 2 | 1 | 100000 | 39900 |
| 10 | വി.ഇ.ഒ-2 | 8 | 6 | 4245134 | 1163577 |
| 11 | അസി.എൻജിനീയർ | 304 | 163 | 137412553 | 32624071 |
| 12 | ക്ഷീരവികസന ഓഫീസർ | 3 | 3 | 3500000 | 1733552 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 13 | അസി.സെക്രട്ടറി | 8 | 5 | 2923370 | 1497303 |
| | ആകെ | 411 | 239 | 212281990 | 68905435 |

വാർഷികപദ്ധതിയിലെ ആകെ പ്രോജക്ടുകളിൽ 129 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്.അവയിൽ നടപ്പാക്കിയവ 97 എണ്ണം മാത്രമാണ് . ഇവയിൽ തന്നെ അസി.എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകളാണ് 102 എണ്ണവും. അവയിൽ നടപ്പിലാക്കിയത് 81 എണ്ണമാണ്. സ്പിൽഓവറായ പ്രോജക്ടുകൾ പോലും പൂർണ്ണമായും നടപ്പാക്കാത്തതിൽ നിന്ന് അവശ്യകത നിർണ്ണയിക്കാതെയാണ് പ്രോജക്ടുകൾ തയാറാക്കുന്നതെന്നാണ് വ്യക്തമാകുന്നത്.

പച്ചക്കറി, കിഴങ്ങ് വർഗങ്ങൾ, വാഴവിത്ത്, കാപ്പിത്തൈ, കവുങ്ങിൻതൈ എന്നിങ്ങനെ വിവിധയിനങ്ങളുടെ വിതരണമാണ് കാർഷിക മേഖലയിൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകൾ. കന്നുകുട്ടിപരിപാലനം, പശുവളർത്തൽ, മുട്ടക്കോഴി വിതരണം തുടങ്ങി മൃഗസംരക്ഷണമേഖലയിലെ പ്രോജക്ടുകൾ വെറ്ററിനറി സർജൻ നടപ്പിലാക്കി. കന്നുകുട്ടി പരിപാലന പദ്ധതിക്ക് അസി.ഡയറക്ടർ, ജില്ലാ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന് തുക നല്കിയെങ്കിലും തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല. പാലിയേറ്റീവ് കെയർ,ഹോമിയോമരുന്ന് വാങ്ങൽ തുടങ്ങിയ പ്രോജക്ടുകൾ പി.എച്ച്.സി,ഹോമിയോ മെഡി.ഓഫീസർമാർ നടപ്പിലാക്കി.എന്നാൽ ആയുർവേദ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ ജീവിതശൈലീരോഗനിവാരണം,ഗർഭിണി പരിചരണം പ്രസവശുശ്രൂഷ പ്രോജക്ടുകൾ വ്യത്യസ്തത പുലർത്തിയെങ്കിലും ഗുണഭോക്താക്കൾ പ്രയോജനപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. ഭവനപുനരുദ്ധാരണം, ലൈഫ് ഭവനപദ്ധതി, ലൈഫ് പദ്ധതിയിൽപെട്ടവർക്ക് ടോയ് ലറ്റ്, കക്കൂസ് മെയിന്റനൻസ് തുടങ്ങിയ പ്രോജക്ടുകളാണ് വി.ഇ.ഒ നടപ്പിലാക്കിയത്. ലൈഫ് പദ്ധതി രണ്ടാം ഘട്ടത്തിൽ ഭവനരഹിതർക്ക് ഭവനനിർമ്മാണം എന്ന പ്രോജക്ട് പ്രകാരം 67പേർ കരാർ വച്ച് പ്രവൃത്തി ആരംഭിച്ചതിൽ 63പേർ ഭവനം പൂർത്തീകരിച്ചു. ഭവനപുനരുദ്ധാരണ പ്രോജക്ടിലൂടെയും നിരവധിയാളുകൾക്ക് പ്രയോജനം ലഭിക്കുകയുണ്ടായി. എന്നാൽ സബ്സിഡി മാർഗരേഖകൾ പ്രകാരം ഗുണഭോക്താക്കൾക്ക് നല്കാവുന്ന ഉയർന്ന പരിധിക്ക് പകരമായി പഞ്ചായത്ത് വളരെ കുറഞ്ഞ തുകയായ 30000/യാണ് ഗുണഭോക്താക്കൾക്ക് നല്കിയത്. ഇത് ഗുണഭോക്താവിന് മതിയായ പ്രയോജനം ലഭിക്കുന്നതിന് സഹായകമായില്ല. അങ്കണവാടി പോഷകാഹാരം, സ്കോളർഷിപ്പ് തുടങ്ങിയ സ്ത്രീകളുടെയും കുട്ടികളുടെയും മേഖലയിൽ ഉൾപ്പെടുന്ന പ്രോജക്ടുകൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കി. നിരവധികുടിവെള്ള പദ്ധതികൾക്ക് കുഴൽ കിണറുൾപ്പെടെ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഭൂജലവകുപ്പിൽ 30ലക്ഷത്തിലേറെ തുക സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ വഴി നിക്ഷേപിച്ചിട്ടുണ്ട്. തെരുവ് വിളക്ക് മെയിന്റനൻസ്, തെരുവ് വിളക്ക് വാങ്ങി സ്ഥാപിക്കൽ , പഞ്ചായത്തുടമസ്ഥതയിലുള്ള ശ്മശാനം, ടൗൺഹാൾ എന്നിവയിലേക്ക് കസേരകൾ, മേശ എന്നിവയുടെ വാങ്ങലുകൾ തുടങ്ങിയ പ്രോജക്ടുകൾ സെക്രട്ടറി നടപ്പാക്കിയവയിൽപ്പെടുന്നു. കൂടാതെ ഹരിതകർമ്മസേന പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് എന്ന പ്രോജക്ട് മുഖേന പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കി. നിലവിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമല്ല. എസ്.എസ്.എ പ്രോജക്ടിന് നല്കിയ 1311242/രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.ബാലസഭ -യോഗപരിശീലനം എന്ന പ്രോജക്ട് ഹെഡ് മാസ്റ്ററും, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, കാലിത്തീറ്റവിതരണം തുടങ്ങിയപ്രോജക്ടുകൾ ഡയറി ഫാം ഇൻസ്ട്രക്ടറും നടപ്പിലാക്കുകയുണ്ടായി.

പശ്ചാത്തലമേഖലയിൽ അസി.എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായ 304 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 163 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. ഇവയിലെ സ്പിൽ ഓവർ പ്രോജക്ടുകൾ 102 ഉം നടപ്പാക്കിയത് 85ഉമാണ്. സ്പിൽഓവർ പ്രോജക്ടുകൾ മുഴുവൻ പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടില്ല. നിരവധി റോഡുകളുടെ കോൺക്രീറ്റിംഗ്, റീടാറിംഗ്, അങ്കണവാടികളുൾപ്പെടെ കെട്ടിടങ്ങളുടെ നിർമാണം, മെയിന്റനൻസ്, ചെക്ക് ഡാം, കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, ശാന്തിതീരം ക്രിമറ്റോറിയത്തിന്റെ റോഡ്, ചുറ്റുമതിൽ ഉൾപ്പെടെ പുനരുദ്ധാരണവേലകൾ, കർഷകമാർക്കറ്റ് കെട്ടിടം ഇങ്ങനെ വൈവിദ്ധ്യമാർന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. പലപ്രോജക്ടുകളും നിർമ്മാണത്തിന്റെ വ്യത്യസ്ത ഘട്ടങ്ങളിലുമാണ്. റോഡ് നിർമ്മാണ പ്രവൃത്തികളിൽ റോഡ് കണക്ടിവിറ്റി മാപ്പ് തയാറാക്കണമെന്ന നിഷ്കർഷ പാലിക്കുകയുണ്ടായില്ല.

എസ്.സി,എസ്.ടി വിദ്യാർതികൾക്ക് പഠനമുറി, എസ്.സി വിദ്യാർഥികൾക്ക് ലാപ് ടോപ്പ് , വയോജനങ്ങൾക്ക് കട്ടിൽ വിതരണം തുടങ്ങിയ പ്രോജക്ടുകൾ അസി.സെക്രട്ടറി നടപ്പിലാക്കുകയുണ്ടായി.

നടപ്പിലാക്കിയ പ്രോജക്ടുകൾ പരിസ്ഥിതിസുരക്ഷ, സാമൂഹ്യനീതി , സാമ്പത്തികവളർച്ച എന്നിവയെ അടിസ്ഥാനപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെയും പ്രദേശങ്ങളുടെയും പുരോഗതിക്ക് വളരെ സഹായകമായിട്ടുണ്ട്.

അംഗീകാരം ലഭിച്ചതിൽ 172 പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല. ഇതിൽ 141 എണ്ണവും മരാമത്ത് പ്രവൃത്തികളാണ്. പഞ്ചായത്തിന്റെ ലഭ്യമായ ഉദ്യോഗസ്ഥവിഭവശേഷിക്ക് സാധിക്കുന്നതിനപ്പുറമാണ് ഓരോവർഷവും അംഗീകാരം വാങ്ങുന്ന പ്രോജക്ടുകളുടെ എണ്ണമെന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. ഇപ്രകാരം നിരവധി പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് പ്രവൃത്തിയുടെ ഗുണനിലവാരം, ഫലപ്രാപ്തി, കാര്യക്ഷമത എന്നിവയെ പ്രതികൂലമായി ബാധിക്കുന്നു. പ്രവൃത്തികളുടെ അനിവാര്യത , തുടർപുരോഗതിയെ എപ്രകാരം സഹായിക്കുന്നു എന്നിവയായിരിക്കണം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ മാനദണ്ഡമാക്കേണ്ടത്. എന്നാൽ വാർഡടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതുമൂലം ഇപ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രാവർത്തികമാക്കാനാവുന്നില്ല.

സ്പിൽ ഓവർ പ്രോജക്ടുകൾ പൂർണമായും നടപ്പിലാക്കാൻ സാധിക്കുന്നില്ലയെന്നതിൽ നിന്ന് ഏറ്റെടുക്കുന്ന പല പ്രോജക്ടുകളും മുൻഗണനാടിസ്ഥാനത്തിൽ തയാറാക്കുന്നതല്ലയെന്നാണ് വ്യക്തമാകുന്നത്.

വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും മീറ്റിംഗുകൾ കൂടി ഫലപ്രദമായ നിർദ്ദേശങ്ങൾ നല്കുന്നതിന് പല ഗ്രൂപ്പുകൾക്കും സാധിച്ചില്ല. കൂടാതെ പ്രോജക്ടുകളുടെ നിർവഹണഘട്ടങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് ചുമതല നിർവഹിക്കേണ്ടിയിരുന്നുവെങ്കിലും ഫലപ്രദമായ മോണിട്ടറിംഗ് ഉണ്ടായില്ല. ഫീൽഡ്തല സന്ദർശനങ്ങൾ, രേഖകൾ പരിശോധിക്കൽ ഉടങ്ങിയവയിലൂടെ യഥാർഥ നിർവഹണങ്ങൾ വിലയിരുത്തപ്പെടുന്നില്ല. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ , വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ പൂർണ്ണമായ ഫലപ്രാപ്തി സാധ്യമാവുകയുള്ളു.

പദ്ധതി തുകകൾ ലാപ്സായത്.

വാർഷികപദ്ധതികൾക്കായി തനതുഫണ്ടിൽ നിന്ന് 56544505 രൂപ വകയിരുത്തുകയും 21083345 രൂപ ചെലവഴിക്കുകയും ചെയ്ത സാഹചര്യത്തിലും സർക്കാർ ഗ്രാന്റുകൾ ലാപ്സായത് പദ്ധതി നിർവഹണത്തിലെ അപാകതയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | ലാപ്സായതുക |
|---|---|
| വികസനഫണ്ട്(പൊതുവിഭാഗം) | 1301142 |
| വികസനഫണ്ട്(എസ്.സി.പി) | 2895471 |
| വികസനഫണ്ട്(ടി.എസ്.പി) | 270440 |
| ധനകാര്യകമ്മീഷൻഗ്രാന്റ്(ടൈഡ്) | 6556266 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 9150568 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) | 3676071 |
| ആകെ | 23849958 |

പദ്ധതിനിർവഹണത്തിനായി ലഭ്യമാകുന്ന സർക്കാർഗ്രാന്റുകൾ ലാപ്സാകുന്നില്ലയെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-6 ദേശീയതൊഴിലുറപ്പു പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി പ്രകാരം 2019-20 വർഷം 110 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർബജറ്റ് പ്രകാരം 357 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 174 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 70 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 33572 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു 532 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി ജല സംരക്ഷണ പ്രവർത്തി, തോട് ആഴം കൂട്ടൽ, വർക്ക്ഷെഡ്, മഴക്കുഴി, പടുതാക്കുളം തരിശ്ഭൂമി കൃഷിയോഗ്യമാക്കൽ , തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൻവർഷത്തെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവുകണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. കാഷ്ബുക്ക് പ്രകാരമുള്ള 2019-20വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 83791.02 | 670106.94 | 753897.96 | 576515 | 177382.96 |
| ഗുണഭോക്താക്കൾക്ക് നേരിട്ട്നൽകിയത് | | 10208529.00 | 10208529 | 10208529 | 00 |
| ആകെ | 83791.02 | 10878635.94 | 10962426.96 | 10785044 | 177382.96 |

തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷികകണക്കിൽ തെറ്റായി ചേർത്തിരിക്കുന്നതിനാൽ ബാങ്ക് സ്റ്റേറ്റ്മെന്റ്, തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടന്റ് സൂക്ഷിക്കുന്ന കാഷ് ബുക്ക് എന്നിവ പ്രകാരം പരിശോധിച്ച് ഉറപ്പാക്കിയ വിവരമാണ് മുകളിൽ ചേർത്തിരിക്കുന്നത്.

## 1-7 ക്ഷേമപദ്ധതികൾ

2019-20 വർഷം വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 40320 | 19 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 8919000 | 2418 |
| കർഷകതൊഴിലാളി പെൻഷൻ | 574200 | 149 |
| വിധവാപെൻഷൻ | 4069800 | 1143 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 183600 | 43 |
| വികലാംഗപെൻഷൻ | 1183800 | 315 |
| വിവാഹ ധനസഹായം | 180000 | 6 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

2019-20, 2020-21 വർഷങ്ങളിലെ ഓഡിറ്റ് ഒരേ സമയത്ത് നടത്തിയതിനാൽ ക്യാഷ് ബാലൻസ് സംബന്ധിച്ച വിവരം 2020-21 റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ മെച്ചപ്പെട്ടിരുന്നതായാണ് ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടത്. ഓരോ ജീവനക്കാരുടെയും ജോലികൾ കൃത്യമായി നിർവചിക്കുക, അവ ഉത്തരവുകളായി എഴുതി ആധികാരികമാക്കുക, കൃത്യമായ ജോലിവിഭജനം എന്നിങ്ങനെ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യക്തമായി നിർവചിച്ച അക്കൗണ്ടിംഗ് സംവിധാനമാണ് സ്ഥാപനത്തിൽ ബാധകമാക്കിയിട്ടുള്ളത്.പണസംബന്ധമായും ബാങ്ക് ഇടപാടുകളുമായും ബന്ധപ്പെട്ട് ക്രമക്കേടുണ്ടാകാത്തവിധം നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്.ജീവനക്കാരുടെ ശമ്പളം,സേവനരേഖകൾ,എന്നിവ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്താനും ഈടാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും കൃത്യമായ ഡി.സി.ബി തയാറാക്കി കുടിശിക ഉൾപ്പെടെ ഈടാക്കുന്നതിൽ ഇനിയുംപുരോഗതി കൈവരിക്കേണ്ടതുണ്ടെങ്കിലും നിലവിലുള്ള ഡാറ്റയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി 90% ശതമാനത്തിലധികം പിരിച്ചെടുക്കാൻ സാധിച്ചത് സ്ഥാപനത്തിന്റെ പ്രവർത്തന മെച്ചത്തെ സാധൂകരിക്കുന്നു.സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലിനും ,സംഭരണത്തിനും സർക്കാർ ഉത്തരവുകളും നടപടിക്രമങ്ങളും പാലിച്ചിട്ടുണ്ട് . ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ,അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ,സ്റ്റോക്ക് രജിസ്റ്റർ തുടങ്ങിയവയുടെ സൂക്ഷിപ്പിൽ അപാകതകൾ നിലനില്ക്കുന്നു .അടിസ്ഥാന രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകത വാർഷികകണക്കുകളിലും പ്രതിഫലിക്കുന്നുണ്ട്. വാർഷിക പദ്ധതി പ്രോജക്ടുകൾക്ക് തനത് ഫണ്ട് വകയിരുത്തുന്നത് തനത് ഫണ്ടിന്റെ കൃത്യമായ കണക്കുകൾ തയാറാക്കാതെയാണെന്ന് കാണുന്നു. മതിയായ ഫണ്ടില്ലാതെയാണ് പ്രോജക്ടുകൾക്ക് തനതുഫണ്ട് വകയിരുത്തുന്നത്. പശ്ചാത്തലമേഖലയിലുൾപ്പെടെ പ്രോജക്ടുകളുടെ ബാഹുല്യം നിർവഹണത്തിലെ കാര്യക്ഷമത, സമയബന്ധിതമായ പൂർത്തീകരണം, മേൽനോട്ടം, പ്രവൃത്തികളുടെ ഗുണനിലവാരം എന്നിവയെ പ്രതികൂലമായി ബാധിക്കാൻസാധ്യതയേറ്റുന്നു. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ല. യാതൊരു പദ്ധതി നിർദ്ദേശങ്ങളും ചേർക്കാതെയാണ് പല മിനിറ്റ്സ് ബുക്കുകളും സൂക്ഷിച്ചിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കണമെന്ന് വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട ഉത്തരവുകളിൽ നിഷ്കർഷിക്കുന്നെങ്കിലും വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിർവഹിക്കുന്നതിൽ മതിയായ ശ്രദ്ധപുലർത്തിയില്ല. ആഭ്യന്തരനിയന്ത്രണസംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.10.2020 | 03/2020 | പി എ യു3-01/2020 തീയതി 27.10.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.03.2017 മുതൽ 20.03.2017 വരെ | 2014-15 മുതൽ 2015-16 വരെ | എൽബിഎ (എച്ച് ക്യൂ) II/I/8എ-2594/ 17-18/22 തീയതി 03.05.2017 |

## 1-11 വാടക കുടിശ്ശിക നിലനിൽക്കുന്നു

ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് ജീർണ്ണാവസ്ഥയിലായതിനാൽ ടി കെട്ടിടം പൊളിച്ച നീക്കി 31.03.2018 വരെയുള്ള വാടക കുടിശ്ശിക ആവശ്യപ്പെട്ട് നോട്ടീസ് നൽകിയെങ്കിലും താഴെപ്പറയുന്നവരിൽ നിന്നും നാളിതുവരെ വാടക കുടിശ്ശിക ലഭ്യമായിട്ടില്ല.

| ക്രമ നം. | പേര് | വാടക കുടിശ്ശിക |
|---|---|---|
| 1 | ലതാ സതീശൻ തടങ്ങഴിക്കൽ | 4284 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (8/26.09.2021) ന് ടിയാൾക്ക് നോട്ടീസ് നൽകിയിരുന്നുവെന്നും മേൽവിലാസത്തിൽ അന്വേഷിച്ചപ്പോൾ ആൾ സ്ഥലത്തില്ല എന്ന വിവരം ലഭിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. ഉചിതമായ തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 വാടക നൽകാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്

ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ താഴെപ്പറയുന്ന മുറികളിൽ 2019-20 വർഷം വാടക നൽകാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചതായി കാണുന്നു.

| ക്രമ നം. | പേര് | കെട്ടിട നമ്പർ | വാടക കുടിശ്ശിക | കുടിശ്ശിക മാസം |
|---|---|---|---|---|
| 1 | എം എം ഉണ്ണികൃഷ്ണൻ മറ്റത്തിൽ | 61 | 66515 | 2019ഏപ്രിൽ മുതൽ 2020 മാർച്ച് വരെ |
| 2 | ഇ പി സ്ലീഹ ഇയ്യാക്കപ്പറമ്പിൽ | 68 | 10414 | 2020 ഫെബ്രുവരി മുതൽ 2020 മാർച്ച് വരെ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (9/26.09.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക നൽകാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കുന്നതാകയാൽ കുടിശ്ശിക ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 1-13 ആഞ്ഞിലി മരം ലേലം - ക്വട്ടേഷൻ നടപടികൾ പൂർത്തിയായിട്ടില്ല

ചേർപ്പത്തുകവല ചെക്ക് ഡാമിൽ അപകടകരമായ നിലയിൽ തങ്ങിനിന്ന ആഞ്ഞിലി വൃക്ഷം ക്രെയിൻ ഉപയോഗിച്ച് മാറ്റിയ വകയിൽ ബിൽ നം. 449/07.09.19 പ്രകാരം 7000 രൂപ ചെലവഴിച്ചിട്ടുണ്ട്. കരയിലേയ്ക്ക് മാറ്റിയ ആഞ്ഞിലിമരത്തിന്റെ വാല്യുവേഷൻ സോഷ്യൽ ഫോറസ്ട്രി പൊൻകുന്നം ഓഫീസിൽ നിന്നും എടുപ്പിക്കുകയും (വാല്യുവേഷൻ തുക 22,763 രൂപ) 3 തവണ ലേലം നടത്തുകയും ചെയ്തെങ്കിലും ആരും ലേലം കൊള്ളാൻ തയ്യാറായില്ല . തുടർന്ന് പഞ്ചായത്ത് കമ്മിറ്റി യുടെ 17/08/21 ലെ 1/1 -ാം നമ്പർ തീരുമാനപ്രകാരം ക്വട്ടേഷൻ ക്ഷണിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് . ആയത് പ്രകാരം തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-14 ദിവസവേതനം അധികം അനുവദിച്ചു.

2019-20 ൽ ഗ്രാമ പഞ്ചായത്ത് പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ ശുചീകരണത്തൊഴിലാളിയായ സുധീഷ് രാജു എന്ന ദിവസ വേതന ജീവനക്കാരന് 2019 ഏപ്രിൽ , മെയ്, ജൂൺ മാസങ്ങളിൽ പരമാവധി അനുവദിക്കാവുന്നതിലും അധികം വേതനം നൽകിയതായി കാണുന്നു.(ജി.ഓ(പി)112/18/ധന/21.07.18)പ്രകാരം). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ബിൽ നം/ തീയതി | പരമാവധി അനുവദിക്കാവുന്ന വേതനം | അനുവദിച്ച വേതനം | അധികം നൽകിയത് |
|---|---|---|---|---|
| 03/19 | 09/02.04.19 | 17420 | 20150 | 2730 |
| 4/19 | 71/03.05.19 | 17420 | 19500 | 2080 |
| 05/19 | 146/06.06.19 | 17420 | 20150 | 2730 |
| | | ആകെ | | 7540 |

സർക്കാർ ഉത്തരവിനു വിരുദ്ധമായി അധിക നിരക്കിൽ തുക അനുവദിച്ചതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 12/27.09.21 ക്ക് മറുപടിയായി തുക ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അധികം

നൽകിയ തുക തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 തെരുവ് വിളക്കുകളുടെ പരിപാലനം -പ്രോജക്ടുനടത്തിപ്പിലെ അപാകതകൾ.

ഗ്രാമപഞ്ചായത്ത് 2019-20, വാർഷിക പദ്ധതിയിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തെരുവ് വിളക്ക് സ്ഥാപിക്കൽ, തെരുവ് വിളക്ക് മെയിന്റനൻസ് എന്നീ പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് | അടങ്കൽ/ ഫണ്ട് | ചെലവ് | റിമാർക്ക് | കരാറുകാരൻ |
|---|---|---|---|---|---|
| 1 | 268/20,(SO) തെരുവ് വിളക്ക് മെയിന്റനൻസ് | 490000/ ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 489735. | 2x11വാട്ട് സി.എഫ്.എൽ413എണ്ണം 795/രു നിരക്കിലും, 2x36 വാട്ട് സി.എഫ്.എൽ 120എണ്ണം 1345/ രു.നിരക്കിലും നന്നാക്കി. | അലക്സ് ആന്റണി |
| 2 | 269/20 (SO), തെരുവ് വിളക്ക് വാങ്ങി സ്ഥാപിക്കൽ | 490000/ ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 489585/ | 45 വാട്ട് എൽ.ഇ. ഡി 257എണ്ണം 1905/രു നിരക്കിൽ സ്ഥാപിച്ചു. | അലക്സ് ആന്റണി |
| 3 | 278/20 (SO), തെരുവ് വിളക്ക് വാങ്ങി സ്ഥാപിക്കൽ (ശബരിമല തീർഥാടനം) | 96309/ ശബരിമല സ്പെഷ്യൽ ഫണ്ട് | 95586/ | മുൻവർഷത്തെ ബാക്കിതുക നല്കൽ | അലക്സ് ആന്റണ |

പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ.

1.മേൽ ചേർത്ത പ്രകാരം 2019-20 വർഷം നിരവധി ലൈറ്റുകൾ സ്ഥാപിക്കുകയും നന്നാക്കുകയും ചെയ്തിട്ടുണ്ട്.ടെന്റർ പരസ്യങ്ങളിൽ വാങ്ങി സ്ഥാപിക്കേണ്ട/നന്നാക്കേണ്ട ലൈറ്റുകളുടെ സ്പെസിഫിക്കേഷൻ പറയുകയും കരാറുകാർ നിരക്ക് അതിന്റെ അടിസ്ഥാനത്തിൽ ക്വോട്ടു ചെയ്യുകയും ചെയ്യുന്നു.എന്നാൽ പഞ്ചായത്ത് അംഗങ്ങൾ നല്കുന്ന സാക്ഷ്യപത്രത്തിൽ തന്റെ വാർഡിൽ ഇത്ര ലൈറ്റുകൾ സ്ഥാപിച്ചു/നന്നാക്കിയെന്നുമാത്രമാണ് രേഖയെടുത്തുന്നത്. പ്രവൃത്തിയുടെ ബിൽ കരാറുകാർ നല്കുന്നതിലും എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചു/നന്നാക്കിയതിന്റെ എണ്ണം മാത്രം രേഖപ്പെടുത്തിയാണ് അതായത് കരാർ നല്കിയ ഇനം തന്നെയാണ് ചെയ്ത പ്രവൃത്തിയെന്നത് സംബന്ധിച്ച കൃത്യമായി ഉറപ്പുവരുത്തിയല്ല പേമെന്റ് നടത്തുന്നത്. പ്രവൃത്തിയുടെ മോണിട്ടറിംഗ് ഉണ്ടാവുന്നില്ല. കരാറിലും കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല.ഇക്കാരണത്താൽ യഥാർഥത്തിൽ ചെയ്ത പ്രവൃത്തിയും നല്കുന്ന തുകയും തമ്മിൽ വ്യത്യാസപ്പെടാനുള്ള സാധ്യത നിലനില്ക്കുന്നു.

2.തെരുവ് വിളക്ക് സ്ഥാപിക്കലും,മെയിന്റനൻസും നടത്തുന്നതിന് കരാറുകാർക്ക് സൗകര്യം ലഭ്യമാക്കണമെന്നഭ്യർഥിച്ച് ഇലക്ട്രിസിറ്റി ബോർഡിന് കത്തുനല്കുന്നെങ്കിലും കെ.എസ്.ഇ.ബിയുടെ സൂപ്പർവിഷനോ,അനുമതിയോ ഇല്ലാതെയാണ് പ്രവൃത്തികൾ നടക്കുന്നതെന്നാണ് ഫയലിൽ നിന്ന് വ്യക്തമാകുന്നത്.പ്രവൃത്തിയുടെ സാക്ഷ്യപത്രം പോലും കെ.എസ്.ഇ.ബി യുടെ ശുപാർശയില്ലാതെ അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.

3.ഓരോ വാർഡിലും ഇത്രയെണ്ണം മെയിന്റനൻസ് നടത്തണമെന്ന് ആവശ്യപ്പെട്ട് വർക്ക് ഓർഡർ നല്കുന്നുവെങ്കിലും കേടായവയുടെ വിവരം എപ്രകാരം കരാറുകാർക്ക് ലഭ്യമാക്കുന്നുവെന്നതിൽ അവ്യക്തതയാണ്.ഇപ്രകാരം ഡാറ്റ ശേഖരിക്കുന്നതിന് സംവിധാനം തയാറാക്കിയിട്ടില്ല.

4.കരാറുകാർ ലഭ്യമാക്കുന്ന പഞ്ചായത്ത് മെംബർമാരുടെ സാക്ഷ്യ പത്രമല്ലാതെ കെ.എസ്.ഇ.ബിയിൽ നിന്ന് ലഭ്യമായ നിലവിലുള്ള തെരുവ് വിളക്കുകളുടെയും പുതിയതായി സ്ഥാപിച്ച/മെയിന്റനൻസ് നടത്തിയവയുടെ എണ്ണം സംബന്ധിച്ച അംഗീകൃത രേഖകളില്ല.

5.തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് നടപടികൾ ഉണ്ടാകുന്നില്ല.

തെരുവ് വിളക്ക് വാങ്ങൽ,മെയിന്റനൻസ് എന്നീ പ്രോജക്ടുകൾ സംബന്ധിച്ച മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് ഗുണമേന്മയുള്ള ലൈറ്റുകൾ കുറഞ്ഞ ചെലവിൽ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 സായാഹ്നപാർക്ക്-ടെണ്ടർ/ക്വട്ടേഷൻ നടപടികളില്ലാതെ വാങ്ങൽ നടത്തി

2019-20 ൽ അസി. എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി 306/20 നമ്പരായി ആസൂത്രണം ചെയ്ത സായാഹ്ന പാർക്ക് എന്ന സ്പിൽ ഓവർ പ്രോജക്ടിന്റെ ഫയൽ പ്രകാരം 5 ലക്ഷം രൂപ തനത്ഫണ്ട് വകയിരുത്തുകയും 2018-19 ൽ സിവിൽ പ്രവൃത്തികൾക്ക് 393545/- രൂപ നികുതികളടക്കം കരാറുകാരനായ ജോർജ് തോമസിന് നല്കുകയും ചെയ്തു. പ്രോജക്ട് പ്രകാരം 401029/- രൂപ സാങ്കേതിക അനുമതി ലഭിച്ച സിവിൽ പ്രവൃത്തികൾക്കും ബാക്കി തുക പാർക്കിലേക്ക് കളി ഉപകരണങ്ങൾ വാങ്ങുന്നതിനുമായിരുന്നു. സിവിൽ പ്രവൃത്തികൾക്ക് കരാർ ലഭിച്ച കരാറുകാരൻ തന്നെ 2019-20 ൽ 90000/- രൂപ മുടക്കി കളി ഉപകരണങ്ങൾ വാങ്ങുകയും ചെലവു തുക പഞ്ചായത്തിൽ നിന്നും നല്കുകയും ചെയ്തിട്ടുണ്ട്. സാങ്കേതിക അനുമതി പ്രകാരമുള്ള പ്രവൃത്തി മാത്രം ചെയ്യുന്നതിനാണ് കരാറുകാരന് അർഹതയുള്ളത്. മറ്റ് ഉപകരണങ്ങൾ വിതരണക്കാരിൽ നിന്നും ടെണ്ടർ നടപടികളിലൂടെ വാങ്ങുന്നതിന് പകരം കരാറുകാരനെ ഏൽപ്പിച്ചതു മൂലം ടെണ്ടർ നടപടികളിലൂടെ പഞ്ചായത്തിന് ലഭിക്കുമായിരുന്ന ടെണ്ടർകുറവ് നഷ്ടപ്പെട്ടു. ആയത് പഞ്ചായത്ത് പ്രോക്യൂർമെന്റ് മാനുവലിന്റെ ലംഘനമാണ്. അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ഭരണസമിതിയുടെ അനുമതിയോടെ അപാകതക പരിഹരിക്കുന്നതാണെന്ന് അറിയിച്ചു. ഭരണസമിതി വിഷയം പരിഗണിക്കേണ്ടതും പഞ്ചായത്തിന് ധനനഷ്ടം വന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-17 ജി എസ് റ്റി അധികതുക വകയിരുത്തിയത് - പഞ്ചായത്തിന് അധികച്ചെലവ്

അസി. എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി ത്രിവേണി കുടിവെള്ള പദ്ധതിക്ക് (396/20) പൈപ്പ് ലൈൻ നീട്ടുന്നതിനായി 299762/- രൂപ (ധന.ഗ്രാന്റ് 16000(ബിൽ നം 66/3-1-2020)+തനത് ഫണ്ട് 139762/-) 2019-20 ൽ ചെലവഴിച്ചിട്ടുണ്ട്. ഡി എസ് ആർ 2016 ന് കോസ്റ്റ് ഇൻഡക്സ് 37.93 നല്കുന്ന പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ സാധനവിലയിൽ ജി എസ് റ്റി ഉൾപ്പെടുത്തുന്നില്ല. ആയതിനാൽ 12% ജി എസ് റ്റി അധികമായി നല്കുകയും ചെയ്യുന്നു. എന്നാൽ ഈ പ്രവൃത്തിയുടെ ഡാറ്റാ പരിശോധിച്ചതിൽ എച്ച് ഡി പൈപ്പിന് മാർക്കറ്റ് നിരക്ക് നല്കിയതിനാൽ അധികമായി ജി എസ് റ്റി വകയിരുത്തി നല്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടില്ല. ഫൈനൽബിൽ പ്രകാരം കരാറുകാരനായ അനിൽകുമാറിന് നല്കിയ തുകയിൽ 32118/- രൂപ ജി എസ് റ്റി അധിക തുക വകയിരുത്തിയതാണ്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നല്കിയ മറുപടിയിൽ മേൽ ഉദ്യോഗസ്ഥതലത്തിൽ ഉള്ള നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണന്ന് അറിയിച്ചു.തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-18 പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള ഫൈൻ ഈടാക്കുന്നില്ല

പൊതുമരാമത്ത് മാന്വൽ പ്രകാരം കരാർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം പിഴകൂടാതെയും തുടർന്ന് 10 ദിവസം 1% പിഴയോടെയും കരാർ വക്കുന്നതിന് അനുമതി നല്കാവുന്നതാണ്. സെലക്ഷൻ നോട്ടീസിൽ തന്നെ സമയക്രമവും പിഴയും വ്യക്തമാക്കിയിട്ടും സമയക്രമം പാലിക്കാത്ത കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

| ക്രമനമ്പർ | പ്രോ നം/പ്രോജക്ട് കരാറുകാരൻ | സെലക്ഷൻ നോട്ടീസ് പ്രകാരംപിഴകൂടാതെ കരാർ വക്കാവുന്ന അവസാന തീയതി | സെലക്ഷൻ നോട്ടീസ് പ്രകാരംപിഴയോടുകൂടി കരാർ വക്കാവുന്ന അവസാന തീയതി | കരാർ വച്ച തീയതി | ഈടാക്കാവുന്ന പിഴ തുക (പി എ സി യുടെ 1%) |
|---|---|---|---|---|---|
| 1 | എൻ എസ് എസ് കരയോഗം പടി-പൊൻപാറ റോഡ് 126/20 ജിൻസ്ജോർജ് | 20/09/2019 | 30/9/2019 | 10/10/2019 | 2495 |
| 2 | പനച്ചേൽപ്പടി-മണ്ണംപാലാക്കൽപ്പടി 129/2020 ജൂബി കെ ജോസ് | 20/09/2019 | 30/9/2019 | 18/10/2019 | 2472 |
| 3 | മഞ്ഞാവ് കുടിവെള്ള പദ്ധതി, 257/19 ഗീരീഷ് ചന്ദ്രൻ | 01/2/2019 | 8/2/2019 | 7/3/2019 | 13500 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പരിശോധിച്ച് ഉറപ്പാക്കി പിഴ ഈടാക്കുന്നതാണെന്ന് മറുപടി നല്കി.ഉടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-19 ധനകാര്യകമ്മീഷൻ തുക പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

ശാന്തിഗ്രാം കോളനി പൊതുസ്ഥലം നിർമ്മാണം എന്ന 378/20 നമ്പർ പ്രോജക്റ്റിന് 2019-20 ൽ 277691/- രൂപ ചെലവഴിച്ചിട്ടുണ്ട്. (ധന. ഗ്രാന്റ് 169990 + തനത് ഫണ്ട് 30000 + മെയിന്റനൻസ് ഗ്രാന്റ് 77701). കരാറുകാരന് നല്കേണ്ട തുകയിൽ 7423/- രൂപ റീടെൻഷനായി ഈടാക്കി സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. തുടർ വർഷം ഫൈനൽബിൽ തയ്യാറാക്കുമ്പോൾ റിടെണ്ടർ തുക കുറച്ചുള്ള തുക പിൻവലിക്കുന്നതിന് പകരം, തുക വീണ്ടും ബില്ലിൽ കൂട്ടി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. നിലവിൽ ഈ തുക പിൻവലിച്ച് പഞ്ചായത്തിന്റെ ബാധ്യതകണക്കിൽ ഉൾപ്പെടുത്തി സൂക്ഷിച്ചിരിക്കുകയാണ്. അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 7423 രൂപ തനത് ഫണ്ടിലേക്ക് വകയിരുത്തുന്നതാണെന്ന് മറുപടി നല്കി, എന്നാൽ അധികമായി തുക പിൻവലിച്ചത് സർക്കാർ ഗ്രാന്റിൽ നിന്നായതിനാൽ റിടെൻഷൻ ഇനത്തിൽ സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക സർക്കാരിലേക്ക് അടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-20 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - പ്രോജക്ട് നിർവഹണത്തിൽ അപാകതകൾ

പ്രോജക്ട് നം. 202/2019-20

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റൻറ് സെക്രട്ടറി

അടങ്കൽ - 274890 (വികസന ഫണ്ട് - എസ് സി പി)

ചെലവ് - 274890 (വികസന ഫണ്ട് - എസ് സി പി)

അസിസ്റ്റൻറ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് എന്ന പ്രോജക്ട് പ്രകാരം ലാപ്ടോപ്പ് ലഭിച്ച താഴെപറയുന്ന ഗുണഭോക്താക്കളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ അപാകത ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം. | പേര് | അപാകത |
|---|---|---|
| 1 | അഭിമന്യു പി എസ് | കോഴ്സ് സർട്ടിഫിക്കറ്റിൽ 07/2019ൽ പാസ്സായതായി കാണുന്നു |
| 2 | സുകന്യമോൾ കെ ആർ | കോഴ്സ് സർട്ടിഫിക്കറ്റിനു പകരം അഡ്മിഷൻ കൺഫർമേഷൻ സ്ലിപ് ആണ് നൽകിയിട്ടുള്ളത് |
| 3 | കൃപ കെ മുരളി | കോഴ്സ് സർട്ടിഫിക്കറ്റിനു പകരം ഐഡൻറിറ്റി കാർഡിന്റെ പകർപ്പ് ആണ് നൽകിയിട്ടുള്ളത് |
| 4 | മിഥുൻ പി ഷാജി | 2020-21 വർഷത്തെ കോഴ്സ് സർട്ടിഫിക്കറ്റ് ആണ് നൽകിയിട്ടുള്ളത് |
| 5 | പ്രതിഭ പ്രദീപ് | കോഴ്സ് സർട്ടിഫിക്കറ്റ് 03.02.2021-ൽ ആണ് നൽകിയിട്ടുള്ളത് |

ആധികാരികമായ രേഖകളില്ലാതെ ലാപ് ടോപ്പുകൾ നല്കിയതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/26.09.2021) കോവിഡ് മൂലം വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചിട്ടിരുന്നതിനാൽ ബന്ധപ്പെട്ട സാക്ഷ്യപത്രം ലഭിക്കുന്നതിന് ബുദ്ധിമുട്ട് ഉള്ളതിനാലും സമയ ബന്ധിതമായി പദ്ധതി പൂർത്തീകരിക്കേണ്ടി വന്നതിനാലും ആണ് രേഖകളില്ലാതെ ലാപ് ടോപ്പ് വിതരണം നടത്തിയത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് പഠന കാലയളവിൽ ഉപകരിക്കുന്നതിനാണ് ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുന്നത്. പദ്ധതി കാലയളവിന് മുമ്പ് തന്നെ ഗുണഭോക്താവ് വിദ്യാഭ്യാസം പൂർത്തിയാകുന്ന സാഹചര്യത്തിൽ പദ്ധതിയുടെ യഥാർത്ഥ ഉദ്ദേശ്യം നടപ്പാകാതെ പോകുന്നു. കൂടാതെ രേഖകൾ ലഭ്യമല്ലാതെ തന്നെ പദ്ധതി ആനുകൂല്യങ്ങൾ നല്കി പ്രോജക്ട് പൂർത്തീകരിക്കുന്നതുമൂലം ഗുണഭോക്താക്കളുടെ അർഹത കൃത്യമായി ഉറപ്പാക്കുവാൻ സാധിക്കാതെ വരുന്നു. തുടർ വർഷങ്ങളിൽ ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതും പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-21 ലൈഫ് -ഭവനം പൂർത്തീകരിച്ചില്ല.

വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായ ലൈഫ് ഭവനപദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിന് 2018-19ൽ ചുവടെ ചേർക്കും പ്രകാരം തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമനമ്പർ | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | ഫണ്ടിനം | തുക കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | ശ്രീക്കുട്ടി ചന്ദ്രൻ,<br>ചെന്നാട്ടുകരയിൽ<br>ചിറക്കടവ് | 40000/ | വികസനഫണ്ട് | 13-08-2018 |
| 2 | സരസമ്മ,<br>കാലായിൽ<br>തെക്കേത്തുകവല | 40000/<br>160000/ | വികസനഫണ്ട്<br>ബ്ലോക്ക് വിഹിതം. | 13-09-2018<br>27-02-2019 |
| 3 | രജനി രാജഗോപാൽ,<br>പുളിക്കൽ പുത്തൻവീട്ടിൽ,<br>പൊൻകുന്നം. | 400000/ | ജില്ലാ പഞ്ചായത്ത് വിഹിതം. | 27-11-2018 |
| 4 | മറിയക്കുട്ടി,<br>പുതുപ്പറമ്പിൽ,<br>പൊൻകുന്നം. | 40000/<br>160000/<br>60000/ | വികസനഫണ്ട്<br>ബ്ലോക്ക് വിഹിതം.<br>ലോൺ. | 13-09-2018<br>04-01-2019<br>29-03-2019 |

ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.അല്ലാത്ത പക്ഷം കൈപ്പറ്റിയ തുകകൾ തിരികെ ഈടാക്കേണ്ടതാണ്.

## 1-22 റിടെൻഷൻ കണക്ക് സൂക്ഷിപ്പിൽ അപാകതകൾ

2019-20 സാമ്പത്തികവർഷം തോണിയാകുളം-കാവാലിമാക്കൽ റോഡ് റീടാറിംഗ് എന്ന 138/20 നമ്പർ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും 47342 രൂപ റിടെൻഷൻ ഇനത്തിൽ കരാറുകാരനായ രജികുമാർ എ സി യിൽ നിന്നും ഈടാക്കി സെക്രട്ടറിയുടെ ബാധ്യതകണക്കിൽ സൂക്ഷിച്ചിട്ടുണ്ട്. ലയബിലിറ്റി കാലയളവിൽ കരാറുകാരൻ അപാകതകൾ പരിഹരിച്ചില്ലെങ്കിൽ സെക്യൂരിറ്റി നിക്ഷേപത്തിൽ നിന്നും തുക ഈടാക്കാൻ വ്യവസ്ഥ ഉള്ളപ്പോൾ ഇത്തരത്തിൽ തുക ഈടാക്കി ബാധ്യതകണക്കിൽ നിക്ഷേപിച്ചതിന് വിശദീകരണം നല്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് തുക ക്രമീകരിക്കുന്നതാണെന്ന് മറുപടി നല്കി.തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-23 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല-ചെലവ് തടസ്സപ്പെടുത്തുന്നു.

വിവിധ കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് കുഴൽകിണറുകൾ നിർമ്മിക്കുന്നതിനായി ഭൂജലവകുപ്പിൽ തുക നിക്ഷേപിച്ചുവെങ്കിലും പ്രവൃത്തി പൂർത്തീകരിച്ച് പ്രോജക്ട് ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | നിക്ഷേപ തുക | ഫണ്ട് | ബിൽ/ ചെക്ക് നം. | തുക കൈപ്പറ്റിയ സ്ഥാപനം | റിമാർക്ക് |
|---|---|---|---|---|---|---|
| 1 | 117/20,പൊൻകുന്നം ടൗൺ കുടിവെള്ള പദ്ധതി വാർഡ് 5 | 300000/ | തനത് ഫണ്ട് | 0671612/28-01-2020 | ഭൂജലവകുപ്പ് | കരാർ വച്ചിട്ടില്ല. |
| 2 | 118/20,അങ്കണവാടി മാളിയേക്കൽ കുടിവെള്ളപദ്ധതി വാർഡ് 5 | 375000/ | തനത് ഫണ്ട് | 0671611/28-01-2020 | ഭൂജലവകുപ്പ് | കരാർ വച്ചിട്ടില്ല. |
| 3 | 119/20,ഞള്ളത്തൽ കുടിവെള്ളപദ്ധതി വാർഡ് 5 | 350000/ | തനത് ഫണ്ട് | 0671604/28-01-2020 | ഭൂജലവകുപ്പ് | കരാർ വച്ചിട്ടില്ല. |
| 4 | 120/20, മൂലകുന്ന് | 450000/ | തനത് | 0671610/28- | ഭൂജലവകുപ്പ് | കരാർ |

| | | | | | | |
|---|---|---|---|---|---|---|
| | കുടിവെള്ളപദ്ധതി വാർഡ് 5 | | ഫണ്ട് | 01-2020 | | വച്ചിട്ടില്ല. |
| 5 | 121/20,തനിമ കുടിവെള്ളപദ്ധതി വാർഡ് 5 | 425000/ | തനത് ഫണ്ട് | 0671609/28-01-2020 | ഭൂജലവകുപ്പ് | കരാർ വച്ചിട്ടില്ല. |
| 6 | 122/20,പൊന്നയ്ക്കുക്കുന്ന് കുടിവെള്ളപദ്ധതി വാർഡ് 5 | 400000/ | തനത് ഫണ്ട് | 0671608/28-01-2020 | ഭൂജലവകുപ്പ് | കരാർ വച്ചിട്ടില്ല. |
| 7 | 250/20,ഗ്രാമദീപം ഐക്കരക്കോളനി കുടിവെള്ളപദ്ധതി വാർഡ് 8 | 250000/ | തനത് ഫണ്ട് | 0671605/28-01-2020 | ഭൂജലവകുപ്പ് | കരാർ വച്ചിട്ടില്ല. |
| 8 | 251/20,ആൽത്തറ കുടിവെള്ള പദ്ധതി | 400000/ | തനത് ഫണ്ട് | 0671607/28-01-2020 | ഭൂജലവകുപ്പ് | കരാർ വച്ചിട്ടില്ല. |
| 9 | 420/20 കാവാലിമാക്കൽ കുടിവെള്ളക്കിണർ നിർമ്മാണം | 200000/ | തനത് ഫണ്ട് | 0671606/28-01-2020 | ഭൂജലവകുപ്പ് | കരാർ വച്ചിട്ടില്ല. |
| | ആകെ | 3150000/ | | | | |

ഭൂജല വകുപ്പുമായി കരാർ വയ്ക്കാതെ തുക കൈമാറിയത് തെറ്റായ നടപടിയാണ്.കരാറില്ലാതെയും പ്രവൃത്തികൾ പൂർത്തീകരിക്കാതെയുമുള്ള സാഹചര്യത്തിൽ ആകെ ചെലവ് 3150000/തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2019-20 | 24.09.2021 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വാഴൂർ | 13.02.2020 | 400000 | 31/19-20, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വാഴൂർ | 13.02.2020 | 83334 | 36/19-20, അങ്കണവാടി പോഷകാഹാര പദ്ധതി | 83334 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വാഴൂർ | 13.02.2020 | 83330 | 38/19-20, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 83330 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വാഴൂർ | 21.12.2019 | 600000 | 88/19-20, ലൈഫ് ഭവന പദ്ധതി - ജനറൽ | 540000 | 60000 |
| ബ്ലോക്ക് പഞ്ചായത്ത് വാഴൂർ | 21.12.2019 | 175000 | 116/19-20, ദേശബന്ധു കളത്തുങ്കൽ പടി റോഡ് കോൺക്രീറ്റിംഗ് | 124647 | 50353 |
| ബ്ലോക്ക് പഞ്ചായത്ത് വാഴൂർ | 13.02.2020 | 500000 | 147/19-20, 17-ാം വാർഡ് 9- ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം | 0 | 500000 |
| ബ്ലോക്ക് പഞ്ചായത്ത് വാഴൂർ | 13.02.2020 | 200000 | 149/19-20, അമ്പലം-മൂലംകുന്ന് റോഡ് റീടാറിംഗ് വാർഡ് 17 | 182661 | 17339 |
| ബ്ലോക്ക് പഞ്ചായത്ത് വാഴൂർ | 13.02.2020 | 200000 | 196/19-20, പുളിമൂട് മൂങ്ങത്ര റോഡ് കോൺക്രീറ്റിംഗ് & റീടാറിംഗ് വാർഡ് 9 | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വാഴൂർ | 13.02.2020 | 200000 | 221/19-20, കുടല്ലൂർപടി ഒറ്റപ്ലാക്കൽപടി റോഡ് കോൺക്രീറ്റിംഗ് വാർഡ് 8 | 132490 | 67510 |
| | | | 277/19-20 ലൈഫ് ഭവന പദ്ധതി | 1106341 | |
| ആകെ | | 2441664 | | 2852803 | 695202 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 23.3.2020 | 387500 | 38/19-20, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 387500 | 0 |
| | | | 310/19-20 ശ്മശാന നിർമ്മാണ പൂർത്തീകരണം | 924859 | |
| | ആകെ | 387500 | | 1312359 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജലവകുപ്പ് | 117/19-20,പൊൻകുന്നം ടൗൺ കുടിവെള്ള പദ്ധതി വാർഡ് 5 | 0671612 28.01.2020 | 300000 | 0 | 300000 |
| ഭൂജലവകുപ്പ് | 118/19-20,അങ്കണവാടി മാളിയേക്കൽ കുടിവെള്ളപദ്ധതി വാർഡ് 5 | 0671611 28.01.2020 | 375000 | 0 | 375000 |
| ഭൂജലവകുപ്പ് | 119/19-20,ഞള്ളത്തൽ കുടിവെള്ളപദ്ധതി വാർഡ് 5 | 0671604 28.01.2020 | 350000 | 0 | 350000 |
| ഭൂജലവകുപ്പ് | 120/19-20, മൂലകുന്ന് കുടിവെള്ളപദ്ധതി വാർഡ് 5 | 0671610 28.01.2020 | 450000 | 0 | 450000 |
| ഭൂജലവകുപ്പ് | 121/19-20,തനിമ കുടിവെള്ളപദ്ധതി വാർഡ് 5 | 0671609 28.01.2020 | 425000 | 0 | 425000 |
| ഭൂജലവകുപ്പ് | 122/19-20,പൊന്നയ്ക്കക്കുന്ന് കുടിവെള്ളപദ്ധതി വാർഡ് 5 | 0671608 28.01.2020 | 400000 | 0 | 400000 |
| ഭൂജലവകുപ്പ് | 250/19-20,ഗ്രാമദീപം ഐക്കരക്കോളനി കുടിവെള്ളപദ്ധതി വാർഡ് 8 | 0671605 28.01.2020 | 250000 | 0 | 250000 |
| ഭൂജലവകുപ്പ് | 251/19-20,ആൽത്തറ കുടിവെള്ള പദ്ധതി | 0671607 28.01.2020 | 400000 | 0 | 400000 |
| ഭൂജലവകുപ്പ് | 420/19-20 കാവാലിമാക്കൽ കുടിവെള്ളക്കിണർ നിർമ്മാണം | 0671606 28.01.2020 | 200000 | 0 | 200000 |
| ആകെ | | | 3150000 | 0 | 3150000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | വായ്പ തുക | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി (കെ.യു.ആർ.ഡി. എഫ്.സി. ലോൺ) | ജി ഒ(എം.എസ്) 68/2018, 18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | 7680562+2080000= 9760562 | 2080000 | 7680562 | 853503 | -- | 8907059 |
| സമ്പൂർണ്ണ ഭവന പദ്ധതി | 87946/ ഡി.ബി.1/13/ ത.സ്വ.ഭ.വ. തീ.11.2.14 | 60,00,000 | - | 1,74,860 | 1,74,860 | 6306 | - |

| | | | | | | |
|---|---|---|---|---|---|---|
| | &സ.ഉ(എം.എസ്) 83/13/ത.സ്വ.ഭ.വ തീ.11.3.15 | | | | | |

2013-14 വർഷം ബാങ്കിലേക്ക് അധികമായി അടവാക്കിയ 18414/- രൂപ കുറവാണ്. വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്നത് | 162,54,257.63 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ വരവ്) | 10,99,625.60 |
| ആകെ | 1,73,53,883.23 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,73,53,883.23 |

| സ്ഥിര നിക്ഷേപത്തിന്റെ വിവരം | തുക | കാലാവധി | പലിശ % |
|---|---|---|---|
| സിൻഡിക്കേറ്റ് ബാങ്ക് അക്കൗണ്ട് നം.4352458000015 | 1,62,54,257.63 | 1 വർഷം 15.07.2019 മുതൽ 14.07.2020 വരെ | 6.6% |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 145667341.06 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 91457841.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3150000 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 3150000 | സുജാ മാത്യു, സെക്രട്ടറി ചിറക്കടവ് ഗ്രാമ പഞ്ചായത്ത് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുജാ മാത്യു, സെക്രട്ടറി | സെക്രട്ടറി, പാമ്പാടി ഗ്രാമ പഞ്ചായത്ത് | |

(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1989-90& 1990-91 | എൽ.എഫ്.കെ.പി3-1245/94/3.5.94/12.7.94 | - |
| 1991-92& 1992-93 | എൽ.എഫ്.കെ.പി5-712/96/15.4.97/5.7.97 | |
| 1993-94 | എൽ.എഫ്.കെ.പി3 - 514/97/27.2.98/8.3.99 | |
| 1994-95 | എൽ.എഫ്.കെ.പി3 - 449/99/21.6.99/9.8.99 | |
| 1996-97 | എൽ.എഫ്.കെ.പി4 -930/2000/15.11.00/4.12.00 | |
| 1997-98 (ചെലവ്) | എൽ.എഫ്.കെ.പി4 - 68/00/9.5.00/8.7.02 | |
| 1999-00 | കെ.എസ്.എ- കെ.ടി.എം.പി5(അദാ-2018)201(1)/18/ 27.02.18 | 12 |
| 2000-01 | കെ.എസ്.എ- | |

| | | |
|---|---|---|
| | കെ.ടി.എം.പി5(അദാ-2018)201(2)/18/ 27.02.18 | |
| 2001-02 | എൽ.എഫ്.കെ.പി4 - 648/04/14.2.05/1.8.05 | |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.പി4 - 673/05/16.12.05/6.2.06 | |
| 2003-04 (ചെലവ്) | എൽ.എഫ്.കെ.പി11 - 681/06/23.12.06/16.1.07 | |
| 1998-99 | എൽ.എഫ്.കെ.പി11 - 1064/07/25.2.08/4.4.08 | |
| 2002-03 (വരവ്) | എൽ.എഫ്.കെ.പി5 - 1065/07/26.5.08/30.7.08 | |
| 2003-04 | എൽ.എഫ്.കെ.പി5 - 1066/07/26.5.08/30.7.08 | |
| 2004-05 | എൽ.എഫ്.കെ.പി5 - 1084/07/26.5.08/30.7.08 | |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)201(3)/18/ 02.02.18 | 3 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)201(4)/18/ 02.02.18 | 3 |
| 2007-08 | എൽ.എഫ്.കെ.പി5 - 435/10/11.11.15 | 3 |
| 2008-09 | എൽ.എഫ്.കെ.പി5 - 436/10/11.11.15 | 2 |
| 2009-10 | എൽ.എഫ്.കെ.പി5 - 694/11/4.12.12 | |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)201(5)/18/ 02.02.18 | 9 |
| 2011-12 | എൽ.എഫ്.കെ.പി5 - 497/13/12.7.14 | |
| 2012-13 | എൽ.എഫ്.കെ.പി5 - 1500/14/29.2.16 | 15 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി5/319/2017/02.06.17 | 27 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി5/622/18/16.04.18 | 24 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി5/393/18/03.03.18 | 14 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി5/88/18/23.01.18 | 15 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി5/217/19/04.04.19/16.4.19 | 28 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി5/1704/2019/07.12.2019 | 55 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്